(3) വ്യാവസായികോൽപ്പാദനത്തിന്റെ പ്രതിശീർഷ വിഹിതം

(4) ജനസംഖ്യയിൽ ഓരോ ലക്ഷത്തിലും വരുന്ന ഫാക്ടറി തൊഴിലാളികളുടെ എണ്ണം

(5) പ്രതിശീർഷ വൈദ്യുതോപയോഗം

(6) ജനസംഖ്യാനുപാതികമായി റോഡിന്റെയും റെയിൽവേയുടേയും ദൈർഘ്യം.

(ബി) കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ആറു ജില്ലകളാണ് മുന്നോക്ക ജില്ലകൾ.

(സി) ആലപ്പുഴ, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം എന്നീ അഞ്ചു ജില്ലകൾ പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽത്തന്നെ ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ മൂന്ന് ജില്ലകൾക്കു മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്ക് അർഹതയുള്ളു.

(ഡി) ഉണ്ട്.

(ഇ) കേന്ദ്ര ഗവണ്മെന്റാണ് ജില്ലകളെ പിന്നോക്ക ജില്ലകളായി പ്രഖ്യാപിക്കുന്നത്. കൊല്ലം, എറണാകുളം എന്നീ ജില്ലകളൊഴികെ മറ്റു ജില്ലകളെല്ലാം പിന്നോക്ക ജില്ലകളായി അംഗീകരിച്ചു കിട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

ലക്ഷം വീടു പദ്ധതി

*366 [386] ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. സേവ്യർ അറയ്ക്കൽ:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീടു പദ്ധതി ഗവൺമെന്റ് ഉപേക്ഷിച്ചുവോ?

(ബി) ഇതുവരെ എത്ര വീടുകളുടെ പണി പൂർത്തിയാക്കി;

(സി) എത്ര വീടുകൾ താമസക്കാർക്ക് ഏൽപ്പിച്ചു കൊടുത്തു;

(ഡി) ബാക്കി കൊടുക്കാതിരിക്കുവാൻ എന്താണു കാരണം;

(ഇ) പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണം വിശദീകരിക്കാമോ;

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) 1971 ഡിസംബർ മാസത്തിൽ ആരംഭം കുറിച്ച ലക്ഷം വീടു പദ്ധതി 1976 മാർച്ച് 31-ാം തീയതിയോടുകൂടി അവസാനിപ്പിച്ചു. 1975 ഒക്ടോബർ 2 നു മുമ്പ് പരമാവധി വീടുകളുടെ നിർമ്മാണം പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

യാക്കേണ്ടതാണെന്ന് 1975 ആഗസ്റ്റിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയെങ്കിലും പണി പൂർത്തിയാകാതെ അവശേഷിച്ചിരുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ 1976 മാർച്ച് 31 നു വരെ പിന്നീട് സമയം നീട്ടിക്കൊടുത്തു. അതിനുശേഷം വീടു പണി ആരംഭിക്കാത്ത പ്പോട്ടുകൾ ഉപഭോക്താക്കൾക്ക് സ്ഥലമായിത്തന്നെ വിതരണം ചെയ്യുകയുണ്ടായി. അപ്രകാരം നൽകിയ സ്ഥലങ്ങളിൽ വീടു പണികഴിപ്പിക്കാൻ താൽപ്പര്യമുള്ളവർക്ക് തടിയും ഓടും സൗജന്യമായി നൽകാൻ ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്കരിച്ചു. എന്നാൽ, പ്രതീക്ഷിച്ച പ്രതികരണം ഉപഭോക്താക്കളിൽനിന്നും പഞ്ചായത്തുകളിൽനിന്നും ഉണ്ടാവാതിരുന്നതിനാൽ ഈ പദ്ധതിയും തുടരേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി.

(ബി) 48,000 വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കൊല്ലം ഒഴികെയുള്ള ജില്ലകളിൽ 38,918 വീടുകൾ താമസക്കാർക്ക് എൽപ്പിച്ചുകൊടുത്തു. കൊല്ലം ജില്ലയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉപഭോക്താക്കൾ അവരുടെ വിഹിതം നൽകാത്തതിനാലും, ചില സ്ഥലങ്ങളിൽ വേണ്ടത്ര ആവശ്യക്കാർ ഇല്ലാത്തതിനാലും, ചില പഞ്ചായത്തുകൾ ശുഷ്കാന്തി പ്രദർശിപ്പിക്കാത്തതിനാലും, അനധികൃതമായ കയ്യേറ്റം മൂലവും മറ്റുമുള്ള തടസ്സങ്ങളാലും, ബാക്കി വീടുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഇ) ഇക്കാര്യം 'എ' വിഭാഗത്തിന്റെ ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഇ. എസ്. ഐ. കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച പരാതി

*367 [387] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആരോപണങ്ങളും പരാതികളും ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഏറെ നാളായി ഉയർന്നു വന്നിട്ടുള്ള ആരോപണങ്ങളും പരാതികളും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ കേരളത്തിലെ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഉൽക്കണ്ഠ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആരോപണങ്ങളും പരാതികളും ഒഴിവാക്കാൻ എന്തു നടപടികളും എടുക്കാനാണ് ഉദ്ദേശിക്കുന്നത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഇ. എസ്. ഐ. പദ്ധതിയുടെ പ്രവർത്തനത്തെപറ്റി പരാതിയുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly